നമ്പർ 389/2010

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരേ,
നിങ്ങളേവരുടെയും ക്ഷേമം ചോദിച്ചുകൊണ്ട് നാം അറിയിക്കുന്നത്; അനുദിനം മാറിവരുന്ന ലോക ജീവിത ക്രമത്തിൽ അർത്ഥവത്തും ആത്മ നിറവുള്ളതുമായ ക്രിസ്തീയ ജീവിതം നയിക്കുന്നതിന് നമ്മുടെ പ. സഭാ മക്കളെ സജ്ജമാക്കേണ്ടത് പ. സഭയുടെ പ്രധാന ചുമതലയാണല്ലോ. സഭാ മക്കളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ജീവിത മേഖലകളിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കത്തക്കവിധം പൗരോഹിത്യശുശ്രൂഷയും സേവനവും കാര്യക്ഷമമാക്കുന്നതിനും പ. സഭയുടെ സത്യവിശ്വാസത്തിൽ സഭാ മക്കളെ വളർത്തുന്നതിനും ഉതകുമാറ് ഇടവക മെത്രാസനതലത്തിൽ ചില പുനക്രമീകരണങ്ങൾ ആവശ്യമാണെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ, ആവശ്യമായ പഠനങ്ങൾക്കും വിലയിരുത്തലുകൾക്കും ശേഷം 2010 ഓഗസ്റ്റ് മാസം 03-ാം തീയതി സമ്മേളിച്ച നമ്മുടെ അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെയും 2010 ഓഗസ്റ്റ് 03 തീയതി സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെയും ആലോചനയും ശുപാർശയും സ്വീകരിച്ച് താഴെ പറയുന്ന നാല് പുതിയ മെത്രാസനങ്ങൾ കൂടി രൂപീകരിക്കപ്പെട്ടതായി ഈ കല്പനയിലൂടെ നാം പ്രഖ്യാപിക്കുന്നു. പുതിയ മെത്രാസനങ്ങൾ 2010 ഓഗസ്റ്റ് 15-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

1. ബ്രഹ്മവാർ
2. നിലയ്ക്കൽ
3. അടൂർ-കടമ്പനാട്
4. കൊട്ടാരക്കര-പുനലൂർ

ഈ മെത്രാസനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇടവക പള്ളികളുടെ ലിസ്റ്റ് നമ്മുടെ ഒപ്പും മുദ്രയും പതിപ്പിച്ച് ഇതോടൊന്നിച്ച് അയക്കുന്നു.

വാൽസല്യ മക്കളേ,
പ. സഭയുടെ വളർച്ച എന്നു പറയുന്നത് നിങ്ങൾ ഓരോരുത്തരുടേയും ആത്മീയ വളർച്ചയാണ്. ശുദ്ധമുള്ള മത്തായി ശ്ലീഹായുടെ സുവിശേഷം 5-ാം അദ്ധ്യായം 48-ാം വാക്യത്തിൽ ഏഴുതിയിരിക്കുന്നവിധം "ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവീൻ" എന്നുള്ള നമ്മുടെ രക്ഷകനും കർത്താവുമായ യേശുമശിഹായുടെ പ്രബോ

(മറുപുറം)

PDF created with pdfFactory Pro trial version www.pdffactory.com

ധനം എപ്പോഴും ഹൃദയത്തിൽ സംഗ്രഹിക്കണം. പുതിയ നാലു മെത്രാസനങ്ങളുടെ ആവിർഭാവത്തോടുകൂടി ആ മേഖലകളിലെ മേൽപ്പട്ടക്കാരുടെ സാന്നിധ്യവും ശുശ്രൂഷയും കൂടിയിരിക്കുകയാണ്. അത് സഭാ മക്കളുടെ ആത്മീകാഭിവൃദ്ധിക്ക് കാരണമാകണം. പ. സഭയുടെ വളർച്ചയ്ക്കും ദൈവനാമ മഹത്വത്തിനും അത് ഇടയാക്കട്ടെ. പുതിയ മെത്രാസനങ്ങൾക്ക് ബലഹീനനായ നമ്മുടെ പ്രാർത്ഥനകളും അനുഗ്രഹങ്ങളും ആശംസകളും നേരുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

2010 ഓഗസ്റ്റ് മാസം 03 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

PDF created with pdfFactory Pro trial version www.pdffactory.com